ഭക്ഷ്യവകുപ്പുമന്ത്രി : (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) ആസ്ട്രാസ്റ്റോറിൽ പോയിരുന്നു.

(ബി) ആസ്ട്രാ അരിക്കമ്പോളത്തിന്റെ സ്ഥിതി നേരിട്ടറിയുകയും കേരളത്തിനു് അരി വാങ്ങുന്നതിനുള്ള സാദ്ധ്യതകളും ആരായുകയുമായിരുന്നു ഉദ്ദേശം. അതു സംബന്ധമായി ആസ്ട്രാ ഭക്ഷ്യമന്ത്രിയും ആസ്ട്രാ മല്ലേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ അടിയന്തിരാവശ്യം കേന്ദ്രത്തെ അറിയിക്കുകയുംചെയ്തു. ഇതിനും പുറമെ ആസ്ട്രായിൽ നിന്നും അരി വാങ്ങുന്നതിനുള്ള ചില ഏർപ്പാടുകളും ചെയ്യുവാനും സാധിച്ചു. കൺട്രോൾ വിലയിൽക്കൂടുതൽ കൊടുത്തു് അരി വാങ്ങേണ്ടതില്ലെന്നു് തീരുമാനിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു മാസത്തിൽ ന്യായവിലഷാപ്പുകളിൽ വിതരണത്തിനു എത്ര ടൺ ഭക്ഷ്യസാധനങ്ങളും വേണ്ടിവരും ?

ശ്രീ. കെ. സി. ജോർജ്ജ് : ഇന്നത്തെ റേറിൽ പന്തീരായിരത്തിൽ ചിലപ്പോൾ ടൺ ആവശ്യമുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അപ്പോൾ ഇ 50,000 ടൺ കിട്ടുന്നതെത്ര മാസത്തേക്കാണു് ?

ശ്രീ. കെ. സി. ജോർജ്ജ് : അതു നാലു് മാസത്തേക്കാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇന്നു എന്തുവിലക്കു് തരാം എന്നാണു് കരാർ ഉണ്ടായിരിക്കുന്നതു് ?

ശ്രീ. കെ. സി. ജോർജ്ജ് : കരാറുണ്ടായി എന്നു ഞാൻ പറഞ്ഞില്ല. സമ്മതിച്ചില്ലാ എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : നിയന്ത്രിതവിലയ്ക്കു് അരി കിട്ടുമോ ?

ശ്രീ. കെ. സി. ജോർജ്ജ് : ഇല്ല. അതുകൊണ്ടാണു് സമ്മതിച്ചില്ല എന്നു ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഭാർഗ്ഗവൻ : പരസ്യമാക്കാറുവിലയെന്താണു് ?

ശ്രീ. കെ. സി. ജോർജ്ജ് : 38, 39, 40 ; ശ്രേപ. ഗവണ്മെന്റു് ഫിക്സ് ചെയ്തിരിക്കുന്നതു് 32 ശ്രേപ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മദ്രാസ് സ്റ്റോറിൽനിന്നും അരി കിട്ടുകയില്ലേ ?

ശ്രീ. കെ. സി. ജോർജ്ജ് : മദ്രാസ് സ്റ്റോറിൽനിന്നും സീലിംഗ് റേറിൽ കിട്ടാൻ സാദ്ധ്യമല്ല.

മി. സ്പീക്കർ : ഇതേ സംബന്ധിച്ചു് പല പ്രാവശ്യവും പല ചോദ്യങ്ങളും ചോദിച്ചിട്ടുള്ളതാണു്.

പ്രൈവറ്റ് ടാൻസ്പോർട്ട് എം. എസ്സ്. എസ്സ്.-ലെ തൊഴിൽ രംഗത്തുണ്ടായ സ്തംഭനാവസ്ഥ.

* 1415. [47] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ടൻസ്പോർട്ട് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം പ്രൈവറ്റ് ടൻസ്പോർട്ട് എം. എസ്സ്. എസ്സ്.-ലെ സ്റ്റാഫ് അംഗങ്ങളുടേയും, തൊഴിലാളികളുടേയും തൊഴിൽ രംഗത്തുണ്ടായ സ്തംഭനാവസ്ഥയെ പരിഹരിക്കാൻ 1958-ൽ ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) . ഉണ്ടെങ്കിൽ അതെല്ലാം, പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വെളിപ്പെടുത്താത്ത കാരണത്താൽ 1959-മാർച്ച് 15-ാംനു മുമ്പ് സ്റ്റാഫ് അംഗങ്ങളെ പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലായെങ്കിൽ അതിനെസംബന്ധിച്ചു അന്വേഷിക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ട്.

1. ശ്രീ. ജി. ചിദംബരയ്യർ, ആലപ്പുഴ.
2. ശ്രീ. കെ. ഗോപാലപിള്ള, എം. എസ്സ്. എസ്സ്. കൊല്ലം
3. ശ്രീ. ഗോവിന്ദപ്പണിക്കർ, ബലറാംമോട്ടോഴ്സ്.
4. ശ്രീ. പി. കുഞ്ഞുരാമൻ
5. ശ്രീ. ചിത്തരഞ്ജൻ.
6. ശ്രീ. ആർ. എസ്സ്. ഉണ്ണി.
7. ശ്രീ. എസ്സ്. ശങ്കർ.

(ബി) ഉണ്ട്.

(സി) ഉണ്ട്. റിപ്പോർട്ട് വെളിപ്പെടുത്താത്തകാരണത്താലല്ല.

ശ്രീ. ടി. കൃഷ്ണൻ : ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെൻറിന്റെ കൈവശം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ് : ഉണ്ട്.

ശ്രീ. കെ. ഭാർഗ്ഗവൻ : ആ റിപ്പോർട്ടിലെ ശുപാർശകൾ എന്താണെന്നു പറയാമോ ?

ശ്രീ. ടി. വി. തോമസ് : അതു് അവിടെ ഓടിക്കൊണ്ടിരിക്കുന്ന ബസ്സ് സർവ്വീസുകളെല്ലാം കൂടി ഒരു സിൻഡിക്കേറ്റായി സംഘടിപ്പിക്കണം എന്നുള്ളതാണ് മുഖ്യമായ ശുപാർശ.

ശ്രീ. കെ. ഭാർഗ്ഗവൻ : അതനുസരിച്ച് എന്തുനടപടി എടുത്തു ?

ശ്രീ. ടി. വി. തോമസ് : ആ റിപ്പോർട്ടിൽ പറയുന്നതിനെസംബന്ധിച്ചു നടപടിയെടുക്കാൻ ട്രാൻസ്പോർട്ടുകമ്മീഷണരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : പിരിച്ചു വിട്ട തൊഴിലാളികളിൽനിന്നും പരാതി കിട്ടിയിട്ടുണ്ടോ ; സ്വന്തമായി സർവ്വീസുകൾ നടത്തുന്നതായി പരാതികിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ് : അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. കെ ഭാർഗ്ഗവൻ : ഇപ്പോൾ എടുത്തുവരുന്ന നടപടി നേരെചൊവ്വേ എടുക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ടി. വി. തോമസ് : ശ്രദ്ധിക്കാം.

അന്വേഷണക്കമ്മീഷൻ.

* 1416. [48] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന മേഖലകളെ സംബന്ധിച്ചു മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കാര്യങ്ങൾക്കായി എത്ര അന്വേഷണക്കമ്മീഷനെ നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly